**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2900** **28-02-2023 - ൽ മറുപടിയ്ക്ക്**

**കീച്ചേരിയിൽ ജലവിഭവ വകുപ്പിന് കീഴിലുളള സ്ഥലത്ത് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നഗരസഭയിലെ കീച്ചേരിയിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള സ്ഥലം സ്റ്റേഡിയം നിർമ്മാണത്തിന് വിട്ടു നൽകുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | മട്ടന്നൂർ നഗരസഭാ പരിധിയിൽ സ്റ്റേഡിയം നിർമ്മാണത്തിനായി ആവശ്യപ്പെട്ട സ്ഥലം പഴശ്ശി റിസർവോയറിൽ നിന്നും (KERI യുടെ പഠനം അനുസരിച്ച്) സിൽട്ട് നീക്കം ചെയ്യുവാനുള്ള പ്രവൃത്തി നടപ്പിലാക്കുമ്പോൾ ഉപയോഗിക്കേണ്ടുന്ന ഡമ്പിംഗ് യാർഡാണ്. കൂടാതെ കനാലിലൂടെ ജലവിതരണം പുനരാരംഭിക്കുന്നതിന്റെ ആദ്യ പടിയെന്ന നിലയിൽ 2022 ജനുവരി പകുതിയോടു കൂടി കനാലിന്റെ 5.5 കി.മീ വരെ വാട്ടർ ടെസ്റ്റിംഗ് നടത്തിയിരുന്നു. വരുംകാലങ്ങളിൽ ജല വിതരണം നടത്തുമ്പോൾ ആവശ്യാനുസരണം കനാലിലെ സിൽറ്റ് നീക്കം ചെയ്യേണ്ടതുണ്ട്. ടി സിൽറ്റ് ഡമ്പ് ചെയ്യുവാനുള്ള ഡമ്പിങ്ങ് യാർഡും പ്രസ്തുത സ്ഥലമാണ്. ഈ സാഹചര്യത്തിൽ, മട്ടന്നൂർ നഗരസഭാ പരിധിയിൽ കുന്നക്കരി കീച്ചേരി പ്രദേശത്ത് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ളതും കോളരി വില്ലേജിൽ ബ്ലോക്ക് നം.24-ൽ, റീ സർവ്വേ നം.58/3-ൽ ഉൾപ്പെട്ട 0.862 ഹെക്ടർ സ്ഥലം സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നഗരസഭയ്ക്ക് അനുവദിക്കാൻ കഴിയില്ല.<br><br>ടി വിവരം മട്ടന്നൂർ നഗരകാര്യ ഡയറക്ടറേയും ബഹു.എം.എൽ.എ.യേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലം കൈമാറുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | മട്ടന്നൂർ നഗരസഭാ പരിധിയിൽ സ്റ്റേഡിയം നിർമ്മാണത്തിനായി ആവശ്യപ്പെട്ട സ്ഥലം *പഴശ്ശി റിസർവോയറിൽ നിന്നും (KERI യുടെ പഠനം അനുസരിച്ച്)* സിൽട്ട് നീക്കം ചെയ്യുവാനുള്ള പ്രവൃത്തി നടപ്പിലാക്കുമ്പോൾ ഉപയോഗിക്കേണ്ടുന്ന ഡമ്പിംഗ് യാർഡാണ്. കൂടാതെ കനാലിലൂടെ ജലവിതരണം പുനരാരംഭിക്കുന്നതിന്റെ ആദ്യ പടിയെന്ന നിലയിൽ 2022 ജനുവരി പകുതിയോടു കൂടി കനാലിന്റെ 5.5 കി.മീ വരെ വാട്ടർ ടെസ്റ്റിംഗ് നടത്തിയിരുന്നു. വരുംകാലങ്ങളിൽ ജല വിതരണം നടത്തുമ്പോൾ |

| | | | |
|---|---|---|---|
| | | | ആവശ്യാനുസരണം കനാലിലെ സിൽറ്റ് നീക്കം ചെയ്യേണ്ടതുണ്ട്. ടി സിൽറ്റ് ഡമ്പ് ചെയ്യുവാനുള്ള ഡമ്പിങ്ങ് യാർഡും പ്രസ്തുത സ്ഥലമാണ്. ഈ സാഹചര്യത്തിൽ, മട്ടന്നൂർ നഗരസഭാ പരിധിയിൽ കുന്നക്കരി കീച്ചേരി പ്രദേശത്ത് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ളതും കോളരി വില്ലേജിൽ ബ്ലോക്ക് നം.24-ൽ, റീ സർവ്വേ നം.58/3-ൽ ഉൾപ്പെട്ട 0.862 ഹെക്ടർ സ്ഥലം സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നഗരസഭയ്ക്ക് അനുവദിക്കാൻ കഴിയില്ല.<br><br>ടി വിവരം മട്ടന്നൂർ നഗരകാര്യ ഡയറക്ടറേയും ബഹു.എം.എൽ.എ.യേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ